കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - അയിലൂർ ഗ്രാമപഞ്ചായത്ത്- എൽ.ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - അക്രഡിറ്റഡ് ഏജൻസിയായ കെൽ എന്ന സ്ഥാപനത്തിന് ബിൽ തുകകൾ അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം. 2823/2018/തസ്വഭവ　　　　　　　　തിരുവനന്തപുരം, തീയതി, 02.11.2018.

പരാമർശം : 1) പാലക്കാട് ജില്ലാ പ്ളാനിംഗ് ഓഫീസറുടെ 24/09/2018 ലെ കത്തും അയിലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.09.2018-ലെ കത്തും 03/09/2018 ലെ ഭരണസമിതി തീരുമാനവും.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 16/10/2018 ലെ 4.20 നമ്പർ യോഗതീരുമാനം.

<u>ഉത്തരവ്</u>

അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ , 14,15,17 വാർഡുകളിൽ എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ എന്നീ പ്രോജക്ടുകൾ(30/18, അടങ്കൽ500,000 രൂപ, 392/18 അടങ്കൽ 7,50,175 രൂപ) അക്രഡിറ്റഡ് ഏജൻസിയായ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് (KEL) നിർവ്വഹണം നടത്തുകയുമുണ്ടായെന്നും എന്നാൽ 25.07.2017-ലെ 95/17/Fin നമ്പർ ഉത്തരവ് പ്രകാരം കെ.ഇ.എൽ നെ ഇലക്ട്രോ മെക്കാനിക്കൽ പ്രവർത്തികളുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) മാത്രമേ അംഗീകരിച്ചിട്ടുള്ളൂവെന്നും രണ്ട് പ്രവൃത്തികളും പൂർത്തിയായതിനാൽ KEL ന് ബിൽ തുക നൽകാൻ അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം പാലക്കാട് ജില്ലാ പ്ളാനിംഗ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

2) ഇക്കാര്യം 16/10/2018 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. ടി യോഗത്തിന്റെ പരാമർശം (2)ലെ തീരുമാന പ്രകാരം അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ , 14,15,17 വാർഡുകളിൽ എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ എന്നീ പ്രോജക്ടുകൾ നിർവ്വഹണം നടത്തിയ KEL ന് ബിൽ തുക നൽകാൻ പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ് , അയിലൂർ ഗ്രാമപഞ്ചായത്ത്,അയിലൂർ പി.ഓ,പാലക്കാട് - 678510

ചെയർമാൻ, സംസ്ഥാനറിസോഴ്സ് ഗ്രൂപ്പ്,തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ